നം. എ2/759/2017/റ്റിബിഒ

പാഠപുസ്തക ഓഫീസറുടെ കാര്യാലയം,
പത്മവിലാസം റോഡ്, ഫോർട്ട്. പി.ഒ.,
തിരുവനന്തപുരം-23, തീയതി: 07/02/2018,
ഫോൺ നം. 0471 2450027,
textbookofficer@gmail.com

പാഠപുസ്തക ഓഫീസർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

സർ,

വിഷയം:- പാഠപുസ്തക വിതരണം 2018-19 - സംബന്ധിച്ച്.

2018-19 അദ്ധ്യയന വർഷത്തേയ്ക്കുള്ള 8, 9, 10 ക്ളാസ്സുകളിലേയ്ക്കുള്ള ഒന്നാം വാല്യം പാഠപുസ്തക വിതരണം അതാത് സ്കൂൾ സൊസൈറ്റികൾക്ക് ഇൻഡന്റ് ചെയ്തത് പ്രകാരം കെ.ബി.പി.എസ്സ്. വിതരണം നടത്തിവരുന്നു. യു.പി.ക്ളാസ്സുകൾക്കുള്ള പാഠപുസ്തകങ്ങൾ ഫെബ്രുവരി പന്ത്രണ്ടാം തീയതിമുതൽ ആരംഭിക്കുമെന്ന് കെ.ബി.പി.എസ്സ് അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പല സൊസൈറ്റികളിലും ടി 8, 9, 10 ക്ളാസ്സുകളിലേയ്ക്ക് വിതരണം നടത്തിയ പാഠപുസ്തകങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുകയാണെന്നും യു.പി.സെക്ഷനിലെ പാഠപുസ്തകങ്ങൾ വന്നാൽ സ്റ്റോർ ചെയ്യുവാൻ ബുദ്ധിമുട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അതാത് സ്കൂൾ സൊസൈറ്റിയിൽപ്പെടുന്ന സ്കൂളുകൾ ഇൻഡന്റ് പ്രകാരമുള്ള പാഠപുസ്തകങ്ങൾ കൈപ്പറ്റേണ്ടതാണ്. എന്നാൽ മാത്രമേ മറ്റു ക്ളാസ്സുകളിലെ പാഠപുസ്തകങ്ങൾ സൊസൈറ്റികളിൽ സ്വീകരിച്ച് സൂക്ഷിക്കുവാൻ സാധിക്കുകയുള്ളു.

രണ്ടു മുതൽ എട്ടുവരെ ക്ളാസ്സുകളിലെ ലഭ്യമായ പാഠപുസ്തകങ്ങൾ വർഷാവസാന പരീക്ഷ കഴിയുന്ന ദിവസമോ അതിനു മുമ്പായോ നൽകേണ്ടതാണ്. 9, 10 ക്ളാസ്സുകളിലെ പാഠപുസ്തകങ്ങൾ റിസൾട്ട് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്. നിലവിൽ കെ.ബി.പി.എസ്സ്. പാഠപുസ്തകങ്ങൾ സ്കൂൾ സൊസൈറ്റികൾക്ക് സ്കൂൾ സമയത്ത് എത്തിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ ചില സ്കൂൾ സൊസൈറ്റികളിലേയ്ക്ക് പാഠപുസ്തകങ്ങൾ കൊണ്ടുവരുന്ന വിവരം കെ.ബി.പി.എസ്സ്. മുൻകൂട്ടി അറിയിച്ചാൽപോലും വൈകുന്നേരം നാലുമണി കഴിഞ്ഞ് ഏറ്റുവാങ്ങുവാൻ വിമുഖത കാണിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പാഠപുസ്തക വിതരണം തടസ്സമില്ലാതെയും സുഗമമായും നടത്തുന്നതിന് എല്ലാ ഉദ്യോഗസ്ഥരുടെയും സഹകരണം ആവശ്യമാണ്. ആയതിനാൽ കെ.ബി.പി.എസ്. പുസ്തക വിതരണത്തിനായി മുൻകൂട്ടി അറിയിപ്പ് നൽകുന്നപക്ഷം ആയത് വൈകുന്നേരം 5.30. മണിവരെ ഏറ്റുവാങ്ങേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു. ശനിയാഴ്ച ദിവസങ്ങളിൽ കെ.ബി.പി.എസ്സ്. അറിയിക്കുന്ന സ്കൂൾ സൊസൈറ്റികൾ മാത്രം പാഠപുസ്തകങ്ങൾ ഏറ്റുവാങ്ങേണ്ടതാണ്. കെ.ബി.പി.എസ്സ് നൽകുന്ന പുസ്തകങ്ങളുടെ എണ്ണം കഴിയുന്നതും വേഗം എണ്ണി തിട്ടപ്പെടുത്തി ഡി.സി.ഒപ്പിട്ട് നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

അഡീ.ഡയറക്ടർ ഓഫ് പബ്ളിക്
ഇൻസ്ട്രക്ഷൻ (അക്കാഡമിക്)